(ബി) അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിയ്ക്കുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം വിവിധ സർക്കാർ/സർക്കാരിതര സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നൽകി വരുന്നു.

(സി) ആശ്രയ മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട ക്ലേശഘടകങ്ങളുടേയും അധിക ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. മേൽപ്പറഞ്ഞ മാനദണ്ഡ പ്രകാരം അർഹതയുള്ളവരാണെങ്കിൽ അശരണരായ വിധവകളെയും മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവരെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അർഹമായ ആനുകൂല്യങ്ങളായ പാർപ്പിടം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണം, വസ്ത്രം, മരുന്ന്, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

(ഡി) ആശ്രയ പദ്ധതി നടപ്പിലാക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമാണ്. ടി സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു ചാർജ്ജ് ഓഫീസർ ഉണ്ടാകും. നിലവിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരായിരിക്കും ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുന്നത്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്കായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പെടെയുള്ള വിവിധ നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്.

പ്രവാസികളുടെ നിക്ഷേപത്തിന് അധിക നികുതി ഈടാക്കുന്നത് നിമിത്തമുള്ള ബുദ്ധിമുട്ടുകൾ

25 (*295) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ മോൻസ് ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ഭാരതീയർ നിക്ഷേപിക്കുന്ന പണത്തിന് അധിക നികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾമൂലം പ്രവാസികൾ നേരിട്ടേക്കാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരുമായി പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും അവ ഏറ്റവും വേഗത്തിൽ പരിഹരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്. പ്രവാസികൾ വിദേശത്തു നിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി (foreign money transfer service operator) (MTSO)ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം. ഇത്തരം നിർദ്ദേശം നടപ്പിലാക്കുകയാണെങ്കിൽ പ്രവാസികളുടെ ആഭ്യന്തര നിക്ഷേപ താൽപ്പര്യം കുറയാൻ സാദ്ധ്യതയുണ്ടെന്നതാണ് പ്രാഥമിക വിലയിരുത്തൽ. ആയതിനാൽ പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ അതീവ പ്രാധാന്യത്തോടെയാണ് സർക്കാർ പരിഗണിക്കുന്നത്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിലയിരുത്തുന്നതിനും ആഗോള മലയാളി സംഗമങ്ങൾ നോർക്ക വകുപ്പ് സംഘടിപ്പിക്കാറുണ്ട്. ഇത്തരം സംഗമങ്ങളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിക്കുകയും അവ വിശകലനം ചെയ്ത് പദ്ധതികൾ രൂപപ്പെടുത്തുന്നതിനായി വിനിയോഗിക്കുകയും ചെയ്യുന്നു.

പ്രവാസികളുടെ പ്രശ്നങ്ങൾക്കും അവർ ഉന്നയിക്കുന്ന ആവശ്യങ്ങൾക്കും മുന്തിയ പരിഗണന നൽകിയും അവ യഥാവിധി പരിഹരിക്കുന്നതിന് ഉതകുംവിധവുമാണ് നോർക്ക വകുപ്പ് പ്രവർത്തിക്കുന്നത്. കൂടാതെ വിവിധ മേഖലകളിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തരണം ചെയ്യുന്നതിനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ അതിവേഗത്തിലുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly